# കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ

## വാർഷിക റിപ്പോർട്ട് 2011 - 2012

### 1) കമ്മീഷന്റെ ഭരണഘടന

സമൂഹത്തിൽ പിന്നാക്കം നില്ക്കുന്നവരെ മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും മറ്റു പിന്നാക്ക വിഭാഗക്കാരുടെ പട്ടികയിൽ ഏതെങ്കിലും മറ്റു പിന്നാക്ക വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്നോ ഉള്ള പരാതികൾ സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് സർക്കാരിനു ഉപദേശം നൽകുന്നതിനും വേണ്ടി 1993-ലെ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് പ്രകാരം (1993-ലെ ആക്ട് 11) രൂപീകരിച്ചിട്ടുള്ളതാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ. അനുബന്ധം I ആയി ആക്ട് ഉൾപ്പെടുത്തിയിരിക്കുന്നു. 1993-ലെ നിയമത്തിന് 2000-ലെ ആക്ട് 10 അനുസരിച്ച് ഒരു ഭേദഗതി വരുത്തിയിട്ടുള്ളതും ആയത് 18.01.2000-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാകുന്നു. (അനുബന്ധം II ആയി ഉൾപ്പെടുത്തിയിരിക്കുന്നു.)

### 2) അധിക ചുമതലകൾ

പിന്നാക്ക വിഭാഗ കമ്മീഷൻ ആക്ട് 1993-ലെ 11-ാം വകുപ്പ് പ്രകാരം പിന്നാക്ക വിഭാഗ ക്കാരുടെ പട്ടിക കാലാകാലങ്ങളിൽ പുതുക്കുക എന്ന ചുമതല ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടു ള്ളതും അതിനുള്ള ഉപദേശം സർക്കാരിനു സമർപ്പിക്കേണ്ട ചുമതല ഈ കമ്മീഷനിൽ അർപ്പിതമായിട്ടുള്ളതുമാണ്. അതിനു അത്യാവശ്യമായിട്ടുള്ള സോഷ്യോ ഇക്ണോമിക് സർവ്വേ നടത്താൻ 2007-ൽ ഉത്തരവായെങ്കിലും ഈ സാമ്പത്തിക വർഷം (2011-12) ഒടുവിൽ മാത്രമാണ് ഇതിനുള്ള നടപടികൾ തുടങ്ങിയത്. സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ പട്ടിക പുതുക്കുവാൻ കഴിയുകയുള്ളൂ.

കൂടാതെ 1995-ലെ റിസർവേഷൻ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതിയെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് കേരള നിയമസഭയ്ക്ക് വയ്ക്കേണ്ടതുണ്ട്. കമ്മീഷന്റെ കൃത്യനിർവ്വഹണത്തിനു സഹായകമാകുന്നതിനുള്ള വിവരശേഖരണ ത്തിനായി ഒരു ഓൺ ലൈൻ സംവിധാനം (വെബ് പോർട്ടൽ) തുടങ്ങുവാനും തീരുമാനിച്ചു.

3) <u>കമ്മീഷന്റെ ഘടന</u>

ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം കമ്മീഷന്റെ അദ്ധ്യക്ഷൻ സുപ്രീം കോടതി ജഡ്ജിയോ ഹൈക്കോടതി ജഡ്ജിയോ ആയിരുന്ന വ്യക്തിയും, കമ്മീഷൻ മെമ്പർ സെക്രട്ടറി പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് സെക്രട്ടറിയും രണ്ട് അംഗങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക പരിജ്ഞാനം ഉള്ളവരും ആണ്.

റിപ്പോർട്ടു വർഷം റിട്ട. ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷന്റെ അദ്ധ്യക്ഷ പദവി അലങ്കരിച്ചു വരുന്നു. മെമ്പർമാരായി ശ്രീ. മുല്ലൂർക്കര മുഹമ്മദ് അലി സഖാഫി ശ്രീ. കെ. ജോൺ ബ്രിട്ടോ എന്നിവരും സേവനമനുഷ്ഠിച്ചു വരുന്നു. പട്ടികവർഗ്ഗ വികസനം, പിന്നാക്ക സമുദായ വികസനം എന്നീ വകുപ്പുകളുടെ സെക്രട്ടറിയായ ഡോ. ദേവേന്ദ്രകുമാർ ദൊഡാവത്. ഐ.എ.എസ് മെമ്പർ സെക്രട്ടറിയായി ചുമതല നിർവഹിച്ചു വരുന്നു.

4) <u>അധികാരങ്ങളും ജീവനക്കാരും</u>

കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും കെ.എസ്.സി.ബി.സി നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. സർക്കാർ അഡീഷണൽ സെക്രട്ടറി ശ്രീമതി. സൂസി ഈപ്പൻ കമ്മീഷന്റെ രജിസ്ട്രാർ ആയി റിപ്പോർട്ടു വർഷം സേവനമനുഷ്ഠിച്ചു.

5) <u>ധനം</u>

കെ.എസ്.സി.ബി.സി ആക്ട് 12-ാം വകുപ്പ് പ്രകാരം കമ്മീഷന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക സർക്കാർ ഗ്രാന്റ് ആയി കമ്മീഷനു നൽകുന്നു.

2011-2012 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ കമ്മീഷനു സഹായ ധനമായി വകകൊള്ളിച്ചിരുന്ന 94,80,000/- രൂപ അനുവദിക്കുകയും ആയത് കമ്മീഷന്റെ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

6) <u>കമ്മീഷന്റെ അക്കൗണ്ടും ആഡിറ്റും</u>

കെ.എസ്.സി.ബി.സി ആക്ടിലെ വകുപ്പ് 13 (2) പ്രകാരം കമ്മീഷന്റെ അക്കൗണ്ട്സ് ഇന്ത്യൻ കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ തീരുമാന പ്രകാരം ഓരോ കാലയളവിലും ആഡിറ്റ് നടത്തി വരുന്നുണ്ട്. റിപ്പോർട്ടു വർഷത്തിലും ആഡിറ്റ് നടത്തിയിട്ടുണ്ട്.

7) **കമ്മീഷന്റെ ആസ്ഥാനം**

തിരുവനന്തപുരത്ത് വെള്ളയമ്പലം കനകനഗറിൽ അയ്യങ്കാളി ഭവൻ കെട്ടിട സമുച്ച യത്തിന്റെ മൂന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.

8) **പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ**

റിപ്പോർട്ട് വർഷം കമ്മീഷന് 40 അപേക്ഷകൾ ലഭിച്ചു. അവയുടെ ലിസ്റ്റ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു. പ്രസ്തുത അപേക്ഷകളിൽ 17 എണ്ണം മാത്രമേ കമ്മീഷന്റെ പരിധിയിൽപ്പെടുന്നുള്ളു. ബാക്കി 23 എണ്ണത്തിൽ സർക്കാരിനോ അപേക്ഷകനോ മറുപടി നൽകി തീർപ്പ് ആക്കിയിട്ടുണ്ട്.

2011-2012 വർഷത്തിൽ തിരുവനന്തപുരത്തു കമ്മീഷന്റെ ആഫീസിൽ വച്ച് 04.04.2011, 03.05.2011, 06.06.2011, 24.06.2011, 04.07.2011, 12.07.2011, 25.07.2011, 26.07.2011, 09.08.2011, 20.08.2011, 05.09.2011, 20.09.2011, 03.10.2011, 20.10.2011, 03.11.2011, 14.11.2011, 03.12.2011, 20.12.2011, 03.01.2012, 23.01.2012, 31.01.2012, 09.02.2012, 22.02.2012, 02.03.2012, 24.03.2012, എന്നീ തീയതികളിലായി 25 സിറ്റിംഗുകളും 25.08.2011-ൽ കണ്ണൂരും, 25.11.2011 -ൽ തൃശ്ശൂരും വച്ച് ഓരോ സിറ്റിംഗു വീതവും നടത്തിയിട്ടുണ്ട്. പ്രസ്തുത സിറ്റിംഗുകളിൽ കമ്മീഷനു ലഭിച്ച പരാതികളിൽമേൽ തെളിവെടുപ്പു നടത്തുകയുണ്ടായി. 2011-12 വർഷത്തിലെ സിറ്റിംഗുകളിൽ 24 കേസുകൾ പരിഗണിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷം രണ്ട് കേസുകളിന്മേലുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം അനുബന്ധം- IV ആയി ചേർത്തിരിക്കുന്നു.

2011-2012 വർഷത്തിൽ കമ്മീഷൻ സമർപ്പിച്ചിട്ടുള്ള ഉപദേശത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളവയുടെ വിശദവിവരം അനുബന്ധം - V ആയി ചേർക്കുന്നു.

റിപ്പോർട്ട് വർഷം രണ്ട് കേസുകളിന്മേലുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അഞ്ചുനാട് വെള്ളാളർ, കുന്നുവർ മന്നാടി എന്നീ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന (ഫയൽ നം. 864/സി/2010/ കെ.എസ്.സി.ബി.സി തീയതി 03/12/2011) കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ. (പി) നം. 26/2012/പജപവവിവ തീയതി. 13.02.2012) യാദവയോടൊപ്പം എരുമക്കാർ സമുദായത്തെ ഉൾപ്പെടുത്തണമെന്ന (ഫയൽ നം. 969/സി/1994/കെ.എസ്.സി.ബി.സി തീയതി 31/01/2012) കമ്മീഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. (ജി.ഒ. (പി) നം. 79/2012/ബിസിഡിഡി തീയതി. 07/06/2012)

31.03.2012 വരെ തീരുമാനമാകാതെ കമ്മീഷന്റെ പരിഗണനയിലുള്ള കേസുകളുടെ വിവരം അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.

## 9) ജനറൽ

റിപ്പോർട്ട് വർഷം സർക്കാരിന് കമ്മീഷൻ നൽകിയിട്ടുള്ള ഉപദേശം സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചതിൽ കമ്മീഷന് സന്തുഷ്ടിയുണ്ട്. ഫീൽഡ് സ്റ്റഡി നടത്തുന്നതിന് കോഴിക്കോട് കിർത്താഡ്സിനെ ചുമതലപ്പെടുത്തിയിട്ടുള്ള കേസുകളിൽ റിപ്പോർട്ട് ലഭിക്കാത്തതിനാൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ആ കേസുകൾ തീർപ്പു കൽപ്പിക്കാൻ സാധിക്കുകയുള്ളു. കമ്മീഷന്റെ പ്രവർത്തനങ്ങളും ചുമതലകളും കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കുന്നതിനു കമ്മീഷനിൽ ഒരു നരവംശശാസ്ത്ര റിസർച്ച് വിഭാഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 01/03/2011-ലെ സ.ഉ (കൈ) നം. 29/2011/പജപവവിവ പ്രകാരം 10 അധിക തസ്തികകൾ കിർത്താഡ്സിൽ അനുവദിച്ചതിനാൽ കമ്മീഷന്റെ ആവശ്യം നിരാകരിക്കുകയാണുണ്ടായത്.

അനുബന്ധം -III

## 2011- 2012 വർഷത്തിൽ കമ്മീഷനിൽ ലഭിച്ച നിവേദനങ്ങളുടെ വിശദവിവരം

1. വയനാടൻ ചെട്ടി വിഭാഗത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച നിവേദനം.
2. കെ.റ്റി.ഡി.സി നിയമനങ്ങളിൽ ന്യൂനപക്ഷവും, പിന്നാക്കകാരുമായ ലത്തീൻസമുദായങ്ങളുടെ സംവരണം സംബന്ധിച്ച് ശ്രീ. ആൽബർട്ട് എബിയുടെ നിവേദനം.
3. കുമാരക്ഷത്രിയ ജാതിക്കാരെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് കുമാര ക്ഷത്രിയ സംഘം നൽകിയ നിവേദനം.
4. സർക്കാർ കത്ത് നം. 4255/എഫ്3/2011/പജപവവിവ തീയതി. 01/03/2011- വിദ്യാഭ്യാസ- തൊഴിൽ മേഖലകളിൽ 1% സംവരണം സംബന്ധിച്ച് ആംഗ്ലോ ഇൻഡ്യൻ അസോസിയേഷൻ സമർപ്പിച്ച നിവേദനം.
5. ഉന്നത വിദ്യാഭ്യാസ വായ്പ അനുവദിക്കാത്തത് സംബന്ധിച്ച് ശ്രീ. രാജപ്പൻ.എസ്-ന്റെ നിവേദനം സംബന്ധിച്ച്
6. സർക്കാർ കത്ത് നം. 4246/എഫ്3/2011/പജപവവിവ തീയതി. 01/03/2011- പിന്നോക്ക സമുദായ ക്ഷേമസമിതി മുമ്പാകെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ചവളർ സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് സമർപ്പിച്ച നിവേദനം-സംബന്ധിച്ച്
7. ഇല്ലത്തുപിള്ള ജാതിക്ക് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന പരാതി സംബന്ധിച്ച് ശ്രീ. പി. ഗോവിന്ദരാജിന്റെ നിവേദനം.
8. കേരള മുതലി വിഭാഗത്തിൽപ്പെട്ടവർക്ക് ഒ.ബി.സി ആനുകൂല്യ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതി സംബന്ധിച്ച് കേരള കൈക്കോളൻ സംഘം ട്രഷറർ ശ്രീ. എസ്. മുരുകേശൻ സമർപ്പിച്ച പരാതി.
9. അയൽവാസികളുടെ അതിക്രമം അവസാനിപ്പിക്കണമെന്നത് സംബന്ധിച്ച് ശ്രീ. ശ്രീകുമാർ സമർപ്പിച്ച നിവേദനം.
10. സർക്കാർ കത്ത് നം. 7113/എഫ്3/2011/പജപവവിവ തീയതി. 31/03/2011- ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായത്തിനെ Most Backward ആയി അംഗീകരിച്ച് മണ്ഡൽ കമ്മീഷൻ

ശുപാർശ പ്രകാരമുള്ള ആനുകൂല്യം നൽകുക, പണ്ഡിതർ സമുദായത്തിനു 2% സംവരണം ഏർപ്പെടുത്തുക എന്നീ ആവശ്യം സംബന്ധിച്ച് പണ്ഡിത മഹാജന സഭയുടെ നിവേദനം.

11. സർക്കാർ കത്ത് നം. 20267/എഫ്3/2008/പജപവവിവ തീയതി. 31/03/2011- വീരശൈവ പണ്ടാരൻ വിഭാഗത്തെ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിവേദനം.
12. റെഡ്യാർ സമുദായംഗങ്ങളെ SEBC എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ശ്രീ. എൻ. അരാമുദാന്റെ നിവേദനം.
13. ഗോവ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അഡ്മിനിട്രേറ്റീവ് ഓഫീസർ 12/07/2011-ൽ ദോബി സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് അയച്ച കത്ത്.
14. സർക്കാർ കത്ത് നം. 20331/എഫ്3/2008/പജപവവിവ തീയതി. 26/05/2011- ഈഴവ -തിയ്യ സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ പാലൊളി കമ്മീഷന്റെ മാതൃകയിൽ ഒരു കമ്മീഷനെ നിയമിക്കണമെന്ന SNDP യോഗം ജനറൽ സെക്രട്ടറിയുടെ നിവേദനം സംബന്ധിച്ച്.
15. സർക്കാർ കത്ത് നം. 11199/എഫ്3/2011/പജപവവിവ തീയതി. 29/07/2011- വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച് വിശ്വബ്രാഹ്മണ സൊസൈറ്റി സംസ്ഥാന കമ്മിറ്റി സമർപ്പിച്ച നിവേദനം.
16. S.I.U.C നാടാർ എന്ന പേരിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന ശ്രീ. എൻ. സദാനന്ദന്റെ അപേക്ഷ.
17. സർക്കാർ കത്ത് നം. 18081/എഫ്3/2011/പജപവവിവ തീയതി. 20/08/2011 - മറുനാടൻ മലയാളി കൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്
18. പിന്നാക്ക വിഭാഗത്തിന്റെ സംവരണ തസ്തിക തട്ടിയെടുക്കുന്നു എന്ന് ശ്രീ. സെബാസ്റ്റ്യൻ.എം -ന്റെ നിവേദനം സംബന്ധിച്ച്.
19. സർക്കാർ കത്ത് നം. 15660/എഫ്3/11/പജപവവിവ തീയതി. 23/08/2011 - പെരുംകൊല്ല സമുദാ യത്തെ ക്രീമീലെയറിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് അഖില കേരള പെരുംകൊല്ല സമാജം സമർപ്പിച്ച അപേക്ഷ.
20. സർക്കാർ കത്ത് നം. 18390/എഫ്1/2011/പജപവവിവ തീയതി. 22/09/2011- ചെട്ടി സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് കേരള ചെട്ടിമഹാസഭയുടെ നിവേദനം.

21. സർക്കാർ കത്ത് നം. 14379/എഫ്3/11/പജപവവിവ തീയതി. 27/09/2011 - വടുക സമുദായ ത്തിലെ വിവിധ വിഭാഗങ്ങളെയെല്ലാം ചേർത്ത് 'വടുക' എന്ന് നാമകരണം ചെയ്യണം എന്നാവ ശ്യപ്പെട്ട് വടുക സംരക്ഷണ സമിതി സമർപ്പിച്ച നിവേദനം.
22. പ്രവാസി മലയാളികൾക്കും നോൺ ക്രിമിലെയർ ജാതി സർട്ടിഫിക്കറ്റ് ലഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. മുകുന്ദൻ കുറുപ്പ് സമർപ്പിച്ച നിവേദനം.
23. സർക്കാർ കത്ത് നം. 12144/എഫ്1/2011/പജപവവിവ തീയതി. 27/10/2011- കേരള തണ്ടാൻ മഹാ സഭയുടെ നിവേദനം.
24. സർക്കാർ കത്ത് നം. 16134/എഫ്1/2011/പജപവവിവ തീയതി. 13/10/2011- സംവരണ ശതമാനം ഉയർത്തണമെന്നാവശ്യപ്പെട്ട് വയനാടൻ ചെട്ടി സർവ്വീസ് സൊസൈറ്റി സമർപ്പിച്ച നിവേദനം.
25. സർക്കാർ കത്ത് നം. 14519/എഫ്1/2011/പജപവവിവ തീയതി. 13/10/2011- വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള വേളാർ സർവ്വീസ് സൊസൈറ്റി സമർപ്പിച്ച നിവേദനം.
26. സർക്കാർ കത്ത് നം. 21539/എഫ്3/2011/പജപവവിവ തീയതി. 19/10/2011- മുഖ്യമന്ത്രിയുടെ പരാതി സെല്ലിൽ ശ്രീ.സി.എ. വാസുദേവൻ സമർപ്പിച്ച നിവേദനം.
27. സർക്കാർ കത്ത് നം. 16344/എഫ്3/2011/പജപവവിവ തീയതി. 18/10/2011- തിയ്യ സമുദായ ത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തിയ്യ എന്ന കാറ്റഗറിയിൽ തന്നെ സംവരണം നൽകുന്നത് -സംബന്ധിച്ച്
28. സർക്കാർ കത്ത് നം. 13965/എഫ്3/2011/പജപവവിവ തീയതി. 27/10/2011- എസ്.എസ്.എൽ.സി ബുക്കിൽ ജാതി ചേർക്കുന്നത് സംബന്ധിച്ച് ശ്രീമതി. ഉഷാറാണിയുടെ നിവേദനം.
29. ജാതി പേര് പറഞ്ഞ് ആക്രമിച്ചതു സംബന്ധിച്ച് ശ്രീമതി. കമലമ്മയുടെ പരാതി
30. കേരള യോഗീശ്വര സംഘം സംസ്ഥാന കമ്മിറ്റി സമർപ്പിച്ച നിവേദനം സംബന്ധിച്ച്
31. കേരള ഗണക സമുദായ സഭ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച നിവേദനം.
32. സർക്കാർ കത്ത് നം. 19182/എഫ്3/11/പജപവവിവ തീയതി. 03/11/2011 - പാർക്കവകുലം സമുദായത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്
33. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ ചേർന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച് ശ്രീ. കാശി വിശ്വനാഥ സേവാ ട്രസ്റ്റ് സമർപ്പിച്ച നിവേദനം.
34. ഗസറ്റഡ് പോസ്റ്റുകളിലെ പിന്നാക്ക വിഭാഗങ്ങളുടെ സംവരണം സംബന്ധിച്ച് പ്രൊഫ. എൻ. എച്ച്. ഹിൽക്കിയ രാജ് സമർപ്പിച്ച നിവേദനം.
35. ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിലെ ജീവനക്കാരെ പിന്നാക്ക സമുദായ ക്ഷേമ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നത് സംബന്ധിച്ച നിവേദനം.

36. സർക്കാർ കത്ത് നം. 277/എഫ്2/12/പജപവവിവ തീയതി. 01/01/2012 - റെഡ്യാർ സമുദായത്തെ എസ്. ഇ. ബി.സി.യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

37. സർക്കാർ കത്ത് നം. 25004/എഫ്2/11/പജപവവിവ തീയതി. 31/01/2012 - ചെട്ടി സമുദായത്തിലെ എല്ലാ വിഭാഗങ്ങളെയും OBH -ൽ ഉൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച്

38. സർക്കാർ കത്ത് നം. 14631/എഫ്3/11/പജപവവിവ തീയതി. 19/08/2011 - ശ്രീ. ഷാനിഷ് ആന്റണി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്

39. സർക്കാർ കത്ത് നം. 567/എഫ്3/12/പജപവവിവ തീയതി. 05/01/2012 - കുലാല സമുദായത്തിന് പ്രത്യേക സംവരണം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. ശങ്കരൻ സമർപ്പിച്ച നിവേദനം.

40. സർക്കാർ കത്ത് നം. 113/എഫ്3/2010/പജപവവിവ തീയതി. 18.01.2012/31.01.2012 - തമിഴ് വംശജ രായ കൈക്കോളൻ സമുദായത്തിന്റെ പദവി നിർണ്ണയിക്കുന്നത് സംബന്ധിച്ച് ശ്രീ. എസ്. രാമകൃഷ്ണന്റെ നിവേദനം.

അനുബന്ധം -IV

**2011-2012 വർഷം കമ്മീഷൻ സർക്കാരിന് ശുപാർശ നൽകിയ കേസുകൾ.**

1. അഞ്ചുനാട് വെള്ളാളർ, കുന്നുവർ മന്നാടി എന്നീ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം. 864/സി/2010/ തീയതി 03/12/2011)
2. യാദവയോടൊപ്പം എരുമക്കാർ സമുദായത്തെ ഉൾപ്പെടുത്തുന്ന ആവശ്യം സംബന്ധിച്ച് (ഫയൽ നം. 969/സി/1994/കെ.എസ്.സി.ബി.സി തീയതി 31/01/2012)

**അനുബന്ധം -V**

## 2011- 2012 വർഷത്തിൽ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ച കേസുകളുടെ വിശദവിവരം

| കമ്മിഷന്റെ ഉപദേശം | സർക്കാർ സ്വീകരിച്ച നടപടി |
|---|---|
| 1. അഞ്ചുനാട് വെള്ളാളർ, കുന്നുവർ മന്നാടി എന്നീ സമുദായത്തെ ഒ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ഉപദേശം (ഫയൽ നം. 864/സി/2010/ കെ.എസ്.സി.ബി.സി തീയതി 03/12/2011) | 1. കമ്മിഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ. (പി) നം. 26/2012/പജപവവിവ തീയതി. 13.02.2012) |
| 2. യാദവയോടൊപ്പം എരുമക്കാർ സമുദായത്തെ ഉൾപ്പെടുത്തണമെന്ന ഉപദേശം (ഫയൽ നം. 969/സി/1994/കെ.എസ്.സി. ബി.സി തീയതി 31/01/2012) | 2. കമ്മിഷന്റെ ഉപദേശം അംഗീകരിച്ച് സർക്കാർ ഉത്തരവായി. (ജി.ഒ. (പി) നം. 79/2012/ബിസിഡിഡി തീയതി. 07/06/2012) |

**അനുബന്ധം -VI**

## 31.03.2012 വരെ തീരുമാനമെടുക്കാതെ കമ്മീഷനിൽ ശേഷിക്കുന്ന കേസുകളുടെ വിവരം

1. മാളവ
2. ഈഴവ & ബില്ലവ
3. കമ്മാറ, മറാത്തി
4. ക്രിസ്തുമതത്തിലേക്ക് മതമാറ്റം നടത്തിയ പിന്നോക്ക വിഭാഗങ്ങൾ
5. കൊങ്കിണി കത്തോലിക്ക ക്രിസ്ത്യൻ
6. മെക്ക
7. ഗണക
8. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത എസ്.ഐ.യു.സി നാടാർ ഒഴികെ ഉള്ളവർ
9. വണികവൈശ്യ
10. എഴുത്തച്ഛൻ
11. നായിഡു
12. വെള്ളാള ഷെട്ടി
13. ആന്തൂർ നായർ
14. വിളക്കിത്തലനായർ
15. മുവാരി-മുഖാരി
16. 24 മന തെലുങ്ക് ചെട്ടി
17. കളരിപണിക്കർ
18. കളനാടി
19. കുടുംബി
20. പത്മസാലി സമാജം
21. ആംഗ്ലോ ഇൻഡ്യൻ
22. പെന്തക്കോസ്ത് ക്രിസ്ത്യാനികൾ
23. സരസ്വത്ത് നോൺ ബ്രാഹ്മണർ
24. തുറുക്കാർ
25. പണ്ഡിതർ
26. തീയ്യ കാവുതീയ്യ
27. യോഗീശ്വര
28. വാണിയ
29. വിശ്വകർമ്മസഭ
30. കത്തോലിക്കാ കമ്മാളർ
31. മാനവ ഐക്യവേദി
32. ഹനഫി

33. മൺപാത്ര നിർമ്മാണ സമുദായ സഭ
34. വെളുത്തേടത്ത് നായർ
35. ചക്കാല നായർ
36. മുതലിയാർ
37. റാവുത്തർ
38. തമ്മാളി സമുദായം
39. ബേസൽ മിഷൻ കമ്മ്യൂണിറ്റി
40. ഈഴവാത്തി സഹോദര സമാജം
41. ധീവര
42. വടുക
43. ഗഞ്ചം റെഡ്ഡി
44. ജയിൻ മിനോരിറ്റി സെൽ
45. കുറിക്കൻ സമുദായം
46. തീരദേശ വികസന സമിതി
47. മലയാള ബ്രാഹ്മണസഭ
48. പത്തുകുടി സമുദായം
49. ബോയൻ
50. മഹേന്ദ്ര മേതര മഹാസഭ
51. വയനാടൻ ചെട്ടി
52. ദഖ്നി, കച്ചിമേമൻ സമുദായം
53. ചവളർ സമുദായം
54. കുമാരക്ഷത്രിയ സംഘം
55. നാടാർ മഹാജന സംഘം
56. സുകുമാര വിജയം നായർ സമാജം
57. തോട്ടിയൻ സമുദായം
58. നാടാർ സമുദായം
59. പുള്ളുവൻ
60. ലത്തീൻ കത്തോലിക്ക
61. വീരശൈവ
62. എം.ബി.സി.എഫി-ന്റെ നിവേദനം
63. പാർക്കവകുലം